കളിൽ 25-ൽ പരം വ്യവസായസംരംഭകർ ഭൂമി ഏറ്റെടുത്ത് വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഏകദേശം 2,75,994 ഓളം പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

(സി) കെ.എസ്.ഐ.ഡി.സി.യുടെ പരിധിയിൽ 14 വ്യവസായങ്ങളും ചെറുകിട വ്യവസായമേഖലയിൽ 91 വ്യവസായ യൂണിറ്റുകളും അടച്ചുപൂട്ടിയിട്ടുണ്ട്. ഇവയിലെല്ലാംകൂടി ഏകദേശം 865-ൽപ്പരം പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്.

(ഡി) വ്യവസായങ്ങൾ അന്യസംസ്ഥാനങ്ങളിലേക്ക് മാറ്റി സ്ഥാപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

8 (2156) അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

<u>ശ്രീ. ചെർക്കളം അബ്ദുള്ള</u> :

<u>ശ്രീ. നാലകത്ത് സൂപ്പി</u> :

<u>ശ്രീ. സി. മൊയിൻകുട്ടി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്ന എത്ര പൊതുമേഖലാസ്ഥാപനങ്ങൾ അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നു; അവ ഏതെല്ലാം;

(ബി) ഇവ ലാഭത്തിൽ പ്രവർത്തിപ്പിക്കുന്നതിനുവേണ്ടിയുള്ള ഉദ്യമങ്ങളെപ്പറ്റി ആലോചിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഓരോന്നിനും എന്തു തുക മുടക്കേണ്ടിവരും എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഇതിനുവേണ്ടിവരുന്ന സാമ്പത്തികസഹായം തേടുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാവ്യവസായ സ്ഥാപനങ്ങളൊന്നും തന്നെ അടച്ചുപൂട്ടാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

(ബി)(സി)&(ഡി) സംസ്ഥാനത്ത് വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമാണ് സർക്കാർ ഊന്നൽ നൽകിയിട്ടുള്ളത്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായങ്ങളെ പുനഃരുദ്ധരിക്കുന്നതിന് വളരെ സമഗ്രമായ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്. വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനസംഘടനയ്ക്കും നവീകരണത്തിനും വിവിധപദ്ധതികൾ ആവിഷ്ക്കരിച്ചുവരുന്നു. ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി, പുതിയ സാങ്കേതികവിദ്യകൾ ലഭ്യമാക്കുന്നതിനും, മാനേജ്മെന്റിനെ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. ബാങ്കുകളിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധനം ലഭ്യമാക്കാൻ സാധിക്കാതെ പ്രവർത്തനമൂലധനത്തിന്റെ അപര്യാപ്തത നേരിടുന്ന വ്യവസായവകുപ്പിന്റെ അധീനതയിലുള്ള ലാഭസാദ്ധ്യതയുള്ള പൊതുമേഖലാസ്ഥാപനങ്ങൾക്ക് ധനം സ്വരൂപിക്കുന്നതി

LIBRARY ARCHIVES Kerala Legislative Assembly

നുവേണ്ടി 240 കോടി രൂപ അടിസ്ഥാനമാക്കി കേരളം വ്യവസായ പുനരുദ്ധാരണ ഫണ്ട് രൂപീകരിച്ചുകഴിഞ്ഞു. ഇതിൽ 60 കോടി രൂപ കേരള സർക്കാരിന്റെ വിഹിതവും ബാക്കിയുള്ള 180 കോടി രൂപാ ബോണ്ടുകളുടെ വിൽപ്പനവഴിയും സമാഹരിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. കേരള സർക്കാരിന്റെ വിഹിതമായി 1996-99-ൽ 30 കോടി രൂപയും 1999-2000-ൽ 20 കോടി രൂപയും ചേർത്ത് ഇതുവരെ 50 കോടി രൂപ ലഭിച്ചുകഴിഞ്ഞു. ബോണ്ടുകളുടെ വിൽപ്പന വഴി 180 കോടി രൂപ സമാഹരിക്കുന്നതിന് കാനറാബാങ്ക്, സ്റ്റേറ്റ്ബാങ്ക് ഓഫ് ട്രാവൻകൂർ എന്നീ ബാങ്കുകളുടെ മർച്ചന്റ് ബാങ്കിംഗ് ഡിവിഷനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. 2000 ജനുവരിയിൽ ബോണ്ടുകളുടെ വിൽപ്പന ആരംഭിക്കുകയും ആ മാസംതന്നെ 190 കോടി രൂപ സമാഹരിക്കുവാനും കഴിഞ്ഞു. ഈ ഫണ്ടിൽനിന്നും അടിയന്തിരസഹായമായി ഏകദേശം 15.49 കോടി രൂപ നാല് കമ്പനികൾക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനായി അതാത് മേഖലകളിൽ സെക്ടർ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ മുമ്പാകെ കമ്പനികൾ സമർപ്പിച്ച പ്രൊപ്പോസലുകളിന്മേൽ നടത്തിയ പഠന റിപ്പോർട്ടുകൾ സർക്കാരിനു സമർപ്പിക്കുകയും ചെയ്യുന്നു, കേരള വ്യവസായ പുനരുദ്ധാരണഫണ്ടിൽ നിന്നും ധനം ലഭ്യമാക്കുന്നതിനായി കമ്പനികൾ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ, സെക്ടർ കമ്മിറ്റികളുടെ നിർദ്ദേശങ്ങൾക്കൂടി കണക്കിലെടുത്താണ് മുൻഗണനാക്രമം നിശ്ചയിക്കുന്നത്. ഇങ്ങനെ സെക്ടർ കമ്മിറ്റികളുടെ നിർദ്ദേശങ്ങൾകൂടി കണക്കിലെടുത്ത്, കമ്പനികൾ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ വായ്പകളായി ധനം നൽകുകയാണ് ചെയ്യുന്നത്. കമ്പനികളിൽനിന്നും പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് ഈ ഫണ്ടിൽനിന്നും ധനം നൽകിത്തുടങ്ങുന്നതാണ്.

9 (2157) വിദേശ മലയാളികളുടെ സഹകരണത്തോടെയുള്ള വ്യവസായ സംരംഭങ്ങൾ

ശ്രീ. മാമ്മൻ മത്തായി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം വിദേശരാജ്യങ്ങളുടെ സാമ്പത്തികസഹായത്തോടും സഹകരണത്തോടും കൂടി സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയും വകുപ്പുതല ഉദ്യോഗസ്ഥന്മാരും ഏതെല്ലാം വിദേശരാജ്യങ്ങളാണ് സന്ദർശിച്ചിട്ടുള്ളത് ;

(സി) വിദേശ രാജ്യത്തിലെ സന്ദർശനത്തിനായി സർക്കാർ എന്തു തുക ചെലവഴിച്ചു;

(ഡി) ബഹുമാനപ്പെട്ട മന്ത്രിയുടെ വിദേശയാത്രകൊണ്ട് വിദേശരാജ്യങ്ങളിൽ നിന്ന് എന്തു തുക വ്യവസായ പുരോഗതികൾക്കായി ലഭിച്ചുവെന്ന് അറിയിക്കുമോ;

(ഇ) വിദേശമലയാളികളുടെ സഹകരണത്തോടെ പുതിയ വ്യവസായസംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly